E-120181

ഭരണഭാഷ-മാതൃഭാഷ

28/09/2021
.........../.................M (HEdn & SJ)

Forward Secretary Spell on 5/10/2021

**കേരളസർക്കാർ**
**ഉന്നതവിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പ്**
**മന്ത്രിയുടെ കാര്യാലയം**

നമ്പർ: 10/RTI/2021/M(H.EDN & SJ)

തിരുവനന്തപുരം തീയതി : 25.09.2021

സ്വീകർത്താവ്

ശ്രീമതി. ഷൈലജ (D/O ഈശ്വരപിള്ള)
അരപ്പുര വീട്, തിരുനന്തിക്കര,
തൃപ്പരപ്പ്, കന്യാകുമാരി ജില്ല,
തമിഴ് നാട്

THE DIRECTOR OF SOCIAL JUSTICE
OCT 2021
TRIVANDRUM

വിഷയം :- വിവരാവകാശ നിയമം 2005- ശ്രീമതി. ഷൈലജ സമർപ്പിച്ച അപേക്ഷ - സംബന്ധിച്ച്:-

സൂചന :- 24/09/2021- ൽ ഈ കാര്യാലയത്തിൽ ലഭിച്ച താങ്കളുടെ 23/09/2021 ലെ അപേക്ഷ

സർ,

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. വിവരാവകാശ നിയമപ്രകാരം താങ്കൾ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട 27/12/2020, 15/01/2021 തീയതികളിലെ പരാതിയിലെ വിവരങ്ങൾ ഈ പൊതു അധികാരിയുടെ കൈവശം ലഭ്യമല്ല എന്ന് അറിയിക്കുന്നു. താങ്കളുടെ അപേക്ഷയ്ക്ക് ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ താങ്കൾക്ക് നേരിട്ട് മറുപടി ലഭ്യമാക്കുന്നതിനായി അപേക്ഷയുടെ ഒരു പകർപ്പ് സാമൂഹ്യനീതി വകുപ്പ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് നൽകുന്നതാണെന്നും ഇതിനാൽ അറിയിക്കുന്നു.

താങ്കൾ ഈ മറുപടിയിൽ തൃപ്തനല്ലാത്ത പക്ഷം താങ്കൾക്ക് ചുവടെ കൊടുത്തിരിക്കുന്ന അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

അപ്പീൽ അധികാരിയുടെ മേൽവിലാസം :

അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി &
അപ്പീൽ അധികാരി
ഉന്നതവിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ കാര്യാലയം
ഗവ. സെക്രട്ടറിയേറ്റ് (അനക്സ് - II), തിരുവനന്തപുരം.

വിശ്വസ്തതയോടെ

ബീന കെ.പി
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ&
അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി

പകർപ്പ്:- സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യനീതി വകുപ്പ്
(അപേക്ഷയുടെ പകർപ്പ് സഹിതം അപേക്ഷകന് നേരിട്ട് മറുപടി നൽകുന്നതിനായി)

## വിവരാവകാശനിയമം 2005 അപേക്ഷ







From,

ഷൈലജ, (D/o. ഈശ്വരപിള്ള)
അറപ്പുരവീട്, തിരുനന്തിക്കര
തൃപ്പരപ്പ്, കന്യാകുമാരി ജില്ല, തമിഴ്നാട്

To,

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
കേരള സംസ്ഥാന സാമൂഹ്യനീതി
വനിത ശിശുവികസന വകുപ്പ് മന്ത്രിയുടെ ഓഫീസ്
തിരുവനന്തപുരം

സർ,

### അറിയുവാനുള്ള വിവരങ്ങൾ

1. തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ പാറശ്ശാല വില്ലേജിൽ പശുർക്കോണത്ത് വീട്ടുതടങ്കലിൽ കഴിയുന്നവരെ മോചിപ്പിക്കുന്നതും ദുരൂഹമരണങ്ങൾ അന്വേഷിക്കുന്നതും സംബന്ധിച്ച് 27/12/2020 ലും 15/01/2021 ലും ഞാൻ അങ്ങയുടെ ഓഫീസ് മുമ്പാകെ നൽകിയ സങ്കട ഹർജിയിൻമേൽ സ്വീകരിച്ച നടപടികൾ, കുറ്റവാളികളെ സംബന്ധിച്ച സമസ്ത വിവരങ്ങൾ.

2. ഗൂഢാലോചന, വഞ്ചന, അതിക്രമം, പണവും വസ്തുവും അപഹരിച്ചു കൈക്കലാക്കൽ എന്നീ കുറ്റകൃത്യങ്ങൾ ചെയ്തവർക്കെതിരെ കൈകൊണ്ട നടപടികൾ.

3. കുറ്റകൃത്യം ചെയ്യുന്നവരുടെ പശ്ചാത്തലം സംബന്ധിച്ച സങ്കടഹർജിയിൽ ബോധിപ്പിച്ചതിൻമേൽ അന്വേഷണം നടത്തി കണ്ടെത്തിയ വിവരങ്ങളും കൈക്കൊണ്ട നടപടികളും.

4. സഞ്ചാരസ്വാതന്ത്ര്യം, മൗലിക അവകാശങ്ങൾ, മനുഷ്യാവകാശങ്ങൾ എന്നിവ നിഷേധിച്ച് മാനാഭിമാനങ്ങളെ അതിക്രൂരമാംവിധം ഹനിച്ച കുറ്റവാളികൾക്കെതിരെ കൈക്കൊണ്ട നടപടികൾ.

5. വീട്ടുതടങ്കലിലാക്കപ്പെട്ടവർക്ക് സർക്കാർ സംരക്ഷണം നൽകുന്നത് സംബന്ധിച്ച് കൈക്കൊണ്ട നടപടികൾ.

6. കുറ്റവാളികളുടെ ഗൂഢാലോചനകളുടെയും, വിശ്വാസ വഞ്ചനയുടെയും ഭീഷണിയുടെയും ഫലമായി എന്റെ അച്ഛൻ (ഈശ്വരപിള്ള) കൈമാറ്റം ചെയ്യാൻ നിർബന്ധിതനായ വസ്തുവകകളുടെയും ആയത് എന്റെ സങ്കടഹർജിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി റദ്ദ് ചെയ്തതും സംബന്ധിച്ച വിവരങ്ങൾ.

7. എന്റെ അച്ഛന്റെ സർവ്വീസ് പെൻഷൻ, ബാങ്ക് നിക്ഷേപങ്ങൾ മുതലായ എന്റെ സങ്കടഹർജിയിലെ (Dated 27/12/2020) പോയിന്റ് നമ്പർ 8-ൽ പറഞ്ഞവയിൻമേൽ കൈക്കൊണ്ട നടപടികൾ.

8. കുറ്റവാളികളെ കുറ്റകൃത്യങ്ങൾക്ക് സഹായിച്ചവരെയും അന്വേഷണം വഴിതെറ്റിക്കുകയും തടസ്സപ്പെടുത്തുകയും ചെയ്യുന്നവരെ കൂട്ടുപ്രതികളാക്കിയതും അത്തരക്കാർക്കെതിരെ നടപടി കൈക്കൊണ്ടതും സംബന്ധിച്ച വിവരങ്ങൾ.

വിശ്വസ്തതയോടെ,

P. Sailaja.

തിരുനന്തിക്കര
23-09-2021.

ഷൈലജ